"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് കീഴിലുള്ള REACH എന്ന സ്ഥാപനം മുഖേന പട്ടികജാതി വനിതകൾക്ക് LED Manufacturing പരിശീലനം നൽകുന്ന പദ്ധതി- ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.218/2026/SCSTD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. സ.ഉ (സാധാ)നം.749/2019/പജപവവിവ തീയതി 19/07/2022
2. സ.ഉ (സാധാ)നം.934/2022/SCSTD തീയതി 05/09/2022
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 27.03.2024, 25.09.2025 തീയതികളിലെ SCDD/10207/2021-P1(PL) നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് കീഴിലുള്ള REACH എന്ന സ്ഥാപനം മുഖേന, 2019-20 സാമ്പത്തിക വർഷത്തിൽ 50 പട്ടികജാതി വനിതകൾക്ക് 3 ദിവസത്തെ വ്യാവസായിക സംരംഭക പരിശീലനവും 100 പട്ടികജാതി വനിതകൾക്ക് 5 ദിവസത്തെ LED Manufacturing പരിശീലനവും നടത്തുന്നതിന് പരാമർശം (1) പ്രകാരം 9,51,000/-രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പുതുക്കിയും പ്രസ്തുത തുകക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തിക്കൊണ്ട് 29 പേർക്ക് LED Manufacturing പരിശീലനം നൽകിയ വകയിൽ സ്ഥാപനത്തിന് നൽകുവാനുള്ള 2,46,500/-രൂപ അനുവദിച്ചു കൊണ്ടും കൂടാതെ ധാരണാപത്രം പുതുക്കുന്നതിനും അവശേഷിക്കുന്നവർക്കുള്ള (LED Manufacturing 40 പേർ + 3 ദിവസത്തെ വ്യാവസായിക സംരഭക പരിശീലനം 50 പേർ) പരിശീലന പരിപാടി 6 മാസത്തിനകം നടപ്പിലാക്കി പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്നും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനവുമായി 02/12/2022 ന് പുതുക്കിയ ധാരണാപത്രം ഒപ്പ് വെക്കുകയും LED നിർമ്മാണ പരിശീലനത്തിൽ സ്ഥാപനത്തിന് നൽകുവാൻ ശേഷിച്ച തുകയായ 1,28,300/- (ഒരു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി മുന്നൂറ് രൂപാ മാത്രം) രൂപ അനുവദിച്ചു കൊണ്ടും 40 പേർക്കുള്ള LED നിർമ്മാണ പരിശീലനവും 50 പേർക്കുള്ള വ്യാവസായിക സംരംഭക

പരിശീലനവും ആരംഭിക്കുന്നതിന് അനുമതി നൽകിയും 28.03.2023 ലെ SCDD/10207/2021-P1 (PL) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതായും തുടർന്ന് 40 പേരുടെ LED നിർമ്മാണ പരിശീലനവും 24 പേരുടെ വ്യാവസായിക സംരംഭക പരിശീലനവും 2023 ഡിസംബർ മാസത്തിനകം സ്ഥാപനം പൂർത്തീകരിക്കുകയും ചെയ്തതായും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 19/01/2024 ന് പരിശീലന സ്ഥാപനങ്ങളുടെ യോഗം ചേരുകയും ഇനിയും ആരംഭിക്കാത്ത പരിശീലനങ്ങൾ തുടരേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന വനിത വികസന കോർപ്പറേഷൻ ഈ പരിശീലന പരിപാടി പൂർത്തീകരിക്കാൻ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളതാണെന്നും ഈ സാഹചര്യത്തിൽ LED നിർമ്മാണ പരിശീലനം നൽകുകയും പൂർത്തിയാക്കിയ 40 പേരുടെ പരിശീലന ഫീസ് ഇനത്തിൽ 3,40,000/- (മൂന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപാ മാത്രം) രൂപയും, വ്യാവസായിക സംരംഭക പരിശീലനം പൂർത്തിയാക്കിയ 24 പേരുടെ പരിശീലന ഫീസ് ഇനത്തിൽ 48,480/-(നാൽപ്പത്തിഎണ്ണായിരത്തി നാന്നൂറ്റി എൺപത് രൂപാ മാത്രം) രൂപയും ചേർത്ത് ആകെ 3,88,480/- (മൂന്ന് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി നാന്നൂറ്റിഎൺപത് രൂപാ മാത്രം) രൂപ പരിശീലന സ്ഥാപനത്തിന് അനുവദിക്കുന്നതിനായി ഭരണാനുമതി ഉത്തരവ് റീവാലിഡേറ്റ് ചെയ്തു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരിശീലനപരിപാടി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ മുൻ വർഷങ്ങളിലെ കമ്മിറ്റഡ് ചെലവുകൾക്കും നടപ്പ് വർഷത്തേക്കുള്ള പുതിയ ചെലവുകൾക്കും വേണ്ടി 2225-01-102-96- Assistance for Training and Employment - PV ശീർഷകത്തിൽ നിന്നും പുറപ്പെടുവിക്കേണ്ട എല്ലാ ഭരണാനുമതികൾക്കും കൂടിയുള്ള ആകെ തുക നടപ്പ് വർഷത്തെ ബജറ്റ് വിഹിതമായ 60 കോടി രൂപയിൽ അധികരിക്കുവാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി LED നിർമ്മാണ പരിശീലനം നൽകുകയും പൂർത്തിയാക്കിയ 40 പേരുടെ പരിശീലന ഫീസ് ഇനത്തിൽ 3,40,000/- (മൂന്ന് ലക്ഷത്തി നാൽപ്പതിനായിരം രൂപാ മാത്രം) രൂപയും വ്യാവസായിക സംരംഭക പരിശീലനം പൂർത്തിയാക്കിയ 24 പേരുടെ പരിശീലന ഫീസ് ഇനത്തിൽ 48,480/-(നാൽപ്പത്തി എണ്ണായിരത്തി നാന്നൂറ്റി എൺപത് രൂപാ മാത്രം) രൂപയും ചേർത്ത് ആകെ 3,88,480/- (മൂന്ന് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി

നാന്നൂറ്റിഎൺപത് രൂപാ മാത്രം) രൂപ പ്രസ്തുത ശീർഷകത്തിൽ നിന്ന് പരിശീലന സ്ഥാപനത്തിന് അനുവദിക്കുന്നതിനായി പരാമർശം(2) ഭരണാനുമതി ഉത്തരവ് പുതുക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വകിസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി& എസ് എസ് എ/എ&ഇ), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഇ&ആർ സെക്ടർ), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
H Suni
സെക്ഷൻ ഓഫീസർ
Date: 13-02-2026 15:18:57

പകർപ്പ്- ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്